LIBRARY, ARCHIVES Kerala Legislative Assembly

കടലോര മേഖലയിലെ പഠന സൗകര്യങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുവാനും ഫിഷറീസ് ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുവാനും നടപടി

97 [1076] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലോര മേഖലയിലെ പഠന സൗകര്യങ്ങളുടെ പിന്നോക്കാവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾക്കോ പ്രോജക്ടുകൾക്കോ രൂപം നൽകിയിട്ടുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് കൂടുതൽ സീറ്റു സംവരണം ഏർപ്പെടുത്തി ഫിഷറീസ് ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 11-6-2004-ൽ ഫിഷറീസ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലെയും ഹെഡ്മാസ്റ്റർമാരുടെയും യോഗം വിളിച്ചുചേർക്കുകയും വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങളെപ്പറ്റിയും സ്കൂളുകളുടെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തുകയും ചെയ്തു. സ്കൂളുകളിലെ ലബോറട്ടറി സൗകര്യങ്ങൾ, ലൈബ്രറി സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും ആവശ്യം വേണ്ട സ്റ്റാഫിനെ നിയമിക്കുന്നതിനും അദ്ധ്യയന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും സി.ബി.എസ്.സി. സിലബസ് ആരംഭിക്കുന്നതിനും നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചു.

(സി) ഉണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

യന്ത്രവൽകൃതബോട്ടുകൾ മത്സ്യബന്ധനം നടത്തുന്നതിന് നിരോധനം

98 [1077] ശ്രീ. എ. സി. ഷൺമുഖദാസ്:
" എ. നീലലോഹിതദാസൻ നാടാർ:
" കെ. പി. മോഹനൻ:
" സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധനം ലംഘിച്ച് മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകൾ കണ്ടെത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ;